"കരുത്തുറ്റ ജനാധിപത്യത്തിന് വിപുലമായ ജനപങ്കാളിത്തം"

# കേരള സർക്കാർ
# ഇലക്ഷൻ വകുപ്പ്

നം. 2048/ഇ.എൽ3/2010/ഇല.

തിരുവനന്തപുരം
തീയതി: 2-11-2010

പ്രേഷിത

പ്രിൻസിപ്പൾ സെക്രട്ടറി &
ചീഫ് ഇലക്ടറൽ ഓഫീസർ

സ്വീകർത്താവ്

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തഹസിൽദാർമാർക്കും

സർ,

വിഷയം :- ബൂത്ത്ലെവൽ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾ

കേരളത്തിൽ 20476 പോളിംഗ്ബൂത്തുകൾ ഉള്ളപ്പോൾ 13249 ബൂത്ത് ലെവൽ ഓഫീസർ (ബി.എൽ.ഒ) മാരെ മാത്രമേ നിയമിക്കാൻ കഴിഞ്ഞിട്ടുള്ളു. അതായത് പകുതിയിലധികം ഓഫീസർമാർക്കും രണ്ട് ബൂത്തുകളുടെ ചുമതലയുണ്ട്. അതാത് പോളിംഗ് ബൂത്തിലെ വോട്ടറായ ഒരു ഉദ്യോഗസ്ഥനെ തന്നെ ബി.എൽ.ഒ ആയി ഓരോ ബൂത്തിലും നിയോഗിക്കണമെന്ന് കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതാത് പോളിംഗ്ബൂത്തിൽ വോട്ടറായ ഒരു ഉദ്യോഗസ്ഥനെ കിട്ടാതെ വരുന്നെങ്കിൽ മാത്രം മറ്റൊരു പോളിംഗ് ബൂത്തിലെ വോട്ടറായ ഉദ്യോഗസ്ഥനെ നിയോഗിക്കാം.

ഓരോ പോളിംഗ് ബൂത്തിലും അതേ ബൂത്തിലെ വോട്ടറായ ഓരോ ബി.എൽ.ഒ എന്ന കമ്മീഷൻ ഉത്തരവ് കമ്മീഷന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനായി ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റ് വഴി ഓൺലൈൻ ആയി ബി.എൽ.ഒ മാരുടെ അപേക്ഷ ക്ഷണിച്ചു. അങ്ങനെ കിട്ടിയ 11142 അപേക്ഷകൾ തരംതിരിച്ച് തഹസിൽദാർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അവ പരിശോധിച്ച് ബി.എൽ.ഒ മാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

അപേക്ഷകരെ ടെലിഫോൺ വഴിയും പത്രത്തിലൂടേയും നിയമനവുമായി ബന്ധപ്പെട്ട വിവരം അറിയിക്കേണ്ടതാണ്. ഇ.മെയിൽ വിലാസം തന്നവരെ ഇ.മെയിലിലൂടേയും അറിയിക്കണം.

ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥൻമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരെ മാത്രമേ ബി.എൽ.ഒ ആയി തെരഞ്ഞെടുക്കാവൂ.

അപേക്ഷകരിൽ ബി.എൽ.ഒ ആയി നിയോഗിക്കപ്പെടാൻ അർഹതയില്ലാത്ത പലരും ഉണ്ട്. അതായത്, (എ) പോലീസ്, എക്സൈസ്, ഫോറസ്റ്റ്, ഫയർഫോഴ്സ് തുടങ്ങിയ വിഭാഗങ്ങളിൽ യൂണിഫോം ഇടുന്നവർ (ബി) ആരോഗ്യമേഖലയിലെ മെഡിക്കൽ/പാരാമെഡിക്കൽ, സാങ്കേതിക വിഭാഗങ്ങൾ. (സി) സർക്കാരോ, സർക്കാർനിയന്ത്രിത സ്ഥാപനങ്ങളിലോ സേവനം അനുഷ്ഠിക്കാത്തവർ. ഇത്തരക്കാരെ പരിഗണിക്കേണ്ടതില്ല.

അപേക്ഷകരെ ഇനിപ്പറയുന്ന മുൻഗണനാ വിഭാഗങ്ങളായി തരം തിരിക്കണം. (സ്ത്രീ/പുരുഷഭേദമെന്യേഎല്ലാ ജീവനക്കാരേയും സ്വീപ്പർ മുതൽ ഏറ്റവും ഉന്നതനായ ഉദ്യോഗസ്ഥൻ വരെ ഒരേപോലെ പരിഗണിക്കണം.)

1. **അപേക്ഷിച്ചവരിൽ നിലവിലുള്ള ബി.എൽ.ഒ മാർ**
2. **കേന്ദ്ര-സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻമാർ (അദ്ധ്യാപകർ ഉൾപ്പെടെ)**
3. **പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ ജീവനക്കാർ**
4. **അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ**

ചില ബൂത്തുകളിൽ അപേക്ഷകരുണ്ടാവില്ല. എന്നാൽ ചില ബൂത്തുകളിൽ ഒന്നിലധികം അപേക്ഷകരുണ്ടാകും. അവിടെ നിലവിലുള്ള ബി.എൽ.ഒ മാർ അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അവരെയാണ് നിയമിക്കേണ്ടത്. അവർ ഇല്ലെങ്കിൽ മാത്രമേ രണ്ടാമത് വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥൻമാരെ പരിഗണിക്കാവൂ. ഈ വിഭാഗത്തിലും അപേക്ഷകരില്ലെങ്കിൽ മാത്രം പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ ജീവനക്കാരെ പരിഗണിച്ചാൽ മതി. ഇവരും ഇല്ലെങ്കിൽ മാത്രം നാലാമത് വിഭാഗമായ പൊതുമേഖലാ ജീവനക്കാരെ പരിഗണിക്കണം. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഒന്നിലധികം ജീവനക്കാർ ഉണ്ടെങ്കിൽ ആദ്യം അപേക്ഷ നൽകിയ ആളിനെയാണ് തെരഞ്ഞെടുക്കേണ്ടത്.

അർഹതയുണ്ടായിരുന്നിട്ടും ഒന്നിലധികം അപേക്ഷരുണ്ടായതിനാൽ സ്വന്തം ബുത്തിൽ ബി.എൽ.ഒ ആയി തെരഞ്ഞെടുക്കപ്പെടാത്തവർക്ക് മറ്റേതെങ്കിലും ഒഴിവുള്ള ബൂത്തിൽ നിയമിക്കപ്പെടാൻ ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ അത് എഴുതി വാങ്ങിയിട്ട് അവർക്ക് ആ ബുത്തിൽ നിയമനം നൽകാവു ന്നതാണ്. അപ്രകാരം നിയമനം നൽകി കഴിഞ്ഞാലും ഒഴിഞ്ഞുകിടക്കുന്ന ബൂത്തു കളിൽ നേരിട്ട് അപേക്ഷയുമായി വരുന്ന അർഹരായവരെ മേൽപറഞ്ഞ മുൻഗണനാക്രമത്തിൽ നിയമിക്കാവുന്നതാണ്. ഇപ്പോൾ തെരഞ്ഞെടുക്കപ്പെടുന്ന

ബി.എൽ.ഒ മാരെ നിയമിക്കുന്നതിനായി, ആ ബൂത്തുകളിൽ നിന്ന് മാത്രം നിലവിലുള്ള ബി.എൽ.ഒ മാരെ അവരുടെ ബൂത്തിന്റെ ചുമതലയിൽ നിന്നും വിടുതൽ നൽകേണ്ടതാണ്. മറ്റു ബൂത്തുകളിൽ നിലവിലുള്ള ബി.എൽ.ഒമാർ തുടരുന്നതാണ്.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിയമനം നൽകുന്നതിന് മുമ്പ് പേര്, തസ്തിക, മേൽവിലാസം എന്നിവ സത്യമാണെന്ന് ഒരു പ്രഖ്യാപനം അപേക്ഷകരിൽ നിന്ന് എഴുതി വാങ്ങണം. പിന്നീട് അത് സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് അപേക്ഷകരുടെ മേലധികാരികളിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ ഒരു പകർപ്പ് താങ്കളുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

നളിനി നെറ്റോ
പ്രിൻസിപ്പൽ സെക്രട്ടറി &
ചീഫ് ഇലക്ടറൽ ഓഫീസർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, എല്ലാ ജില്ലയിലേയും